# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8173 25.07.2012 - ൽ മറുപടിയ്ക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പദവി ഉയർത്തുന്നതിനായി പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജന പദ്ധതിയുടെ മൂന്നാം പാദത്തിൽ ഉൾപ്പെടുത്തി 25% സംസ്ഥാന വിഹിതത്തോട്ടുകൂടി 150 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ശാക്തീകരണത്തിനായി പതിനൊന്നാം പദ്ധതിയിൽ 25% സംസ്ഥാന വിഹിതത്തോട്ടുകൂടി 27.61 കോടി രൂപ ചെലവഴിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ 10.42 കോടി രൂപ ചെലവിൽ നടത്തിവരുന്നു. |
| (ബി) ഇതിനായി കോഴിക്കോട് ജില്ലയിലെ ജനപ്രതിനിധികൾ, മേയർ, ജില്ലാ കളക്ടർ, വിദഗ്ദ്ധർ അടങ്ങുന്ന സംഘം, ഉന്നത ഉദ്യോഗസ്ഥർ, എന്നിവരുമായി സമഗ്ര ചർച്ച നടത്തുമോ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) ആശുപത്രിയുടെ വികസനത്തിനാവശ്യമായ കേന്ദ്ര സഹായം ലഭ്യമാക്കാനും, സമയബന്ധിതമായി നടപ്പാക്കാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യത്തിൽ കേന്ദ്രസഹായം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ